"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- നഗരകാര്യം -തിരുവനന്തപുരം നഗരസഭയിൽ സീനിയർ ക്ലർക്കായ ശ്രീ. എസ്. അലക്സാണ്ടറുടെ ചികിത്സാചെലവ് റീ ഇംബേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.184/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/01/2022

പരാമർശം:-

1. തിരുവനന്തപുരം നഗരസഭയിൽ സീനിയർ ക്ലർക്കായ ശ്രീ. എസ്. അലക്സാണ്ടറുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷ.
2. നഗരകാര്യഡയറക്ടറുടെ 29.04.2017 തീയതിയിലെ ഡി.സി.1-24672/16 നമ്പർ കത്ത്.
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 05.02.2019 തീയതിയിലെ എം.ആർ.1-(എൽ.ഡിസ്)/41326/2018/ആ.വ.ഡ നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിലെ സീനിയർ ക്ലർക്കായ ശ്രീ. എസ്. അലക്സാണ്ടറുടെ ഹൃദയസംബന്ധമായ ചികിത്സയ്ക്ക് തിരുവനന്തപുരം ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റലിൽ ചെലവായ തുക റീ ഇമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിനുള്ള ടിയാളുടെ പരാമർശം 1 പ്രകാരമുള്ള അപേക്ഷ, സർക്കാരിന്റെ പ്രത്യേകാനുമതിക്ക് പരാമർശം 2 പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ട് പ്രകാരം ശ്രീ. എസ്. അലക്സാണ്ടറുടെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷയിൽ 1,36,439/- രൂപ അനുവദനീയമാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരസഭയിൽ സീനിയർ ക്ലാർക്ക് ആയ ശ്രീ. എസ്.അലക്സാണ്ടറിന് തിരുവനന്തപുരം ജൂബിലി മിഷൻ ആശുപത്രിയിൽ, 13.05.2016 മുതൽ 21.05.2016 വരെയുള്ള കാലയളവിലെ ഹൃദയസംബന്ധമായ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയമാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ള തുകയുടെ 80% ആയ 1,09,151/- രൂപ (ഒരു ലക്ഷത്തി ഒൻപതിനായിരത്തി ഒരുന്നൂറ്റി അൻപത്തൊന്ന് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകുന്നതിന് നഗരകാര്യഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യു

അഡീഷണൽ സെക്രട്ടറി

1/5149343/2022

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം(മെഡിക്കൽ ബില്ലുകൾ ഉൾപ്പെടെ)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ. എസ്.അലക്സാണ്ടർ, സീനിയർ ക്ലാർക്ക്, തിരുവനന്തപുരം (നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ